16

# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

01 MAY 2022












# നേന്ത്രപ്പഴത്തെക്കുറിച്ചുള്ള ODOP ശിൽപശാലയും ഉത്പന്ന പ്രദർശനവും

## ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് ഉദ്ഘാടനം ചെയ്തു.



വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച നേന്ത്രപ്പഴത്തെക്കുറിച്ചുള്ള ODOP ശിൽപശാലയും ഉൽപ്പന്ന പ്രദർശനവും ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 2022 ഏപ്രിൽ 29 ന് രാവിലെ 10 മണിക്ക് പാലക്കാട് ജില്ലയിലെ ഹോട്ടൽ ഗസാലയിൽ സംഘടിപ്പിച്ച ചടങ്ങിൽ വ്യവസായ; നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ്, കെഎസ്ഐഡിസി എംഡിയും പിഎം എഫ്എംഇ കേരള നോഡൽ ഓഫീസറുമായ ശ്രീ.എം.ജി രാജമാണിക്കം ഐഎഎസ്, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.ആർ ചന്ദ്ര ബാബു, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. കെ സുധീർ, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. സി. ജയ എന്നിവർ പങ്കെടുത്തു.

'ഒരു ജില്ല ഒരു ഉത്പന്നം' കേന്ദ്രീകരിച്ചുള്ള മൂല്യവർധിത ഉത്പ്പന്ന ഭക്ഷ്യസംസ്കരണ രീതി ശക്തിപ്പെടുത്തുന്നതിന് ഇത്തരം ശിൽപശാലകൾ വലിയ പങ്കാണ് വഹിക്കുന്നത്. കേരളത്തിലെ കാർഷിക മേഖലയിലെ ഭക്ഷ്യവിളകളുടെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളും. 'കേരള ബ്രാൻഡിംഗ്' എന്ന ആശയം ശക്തിപ്പെടുത്തും. ഭക്ഷ്യ സംസ്കരണ ഉത്പ്പന്നങ്ങൾക്ക് 'മെയ്ഡ് ഇൻ കേരളം 'എന്ന ബ്രാൻഡ് നൽകുന്നതിലൂടെ വിപണിയിൽ മൂല്യം ഉയരുകയും സംരംഭകർക്ക് നേട്ടം ഉണ്ടാകുകയും ചെയ്യും. സഹകരണ മേഖലയുടെ പിന്തുണയോട് കൂടി 'മെയ്ഡ് ഇൻ കേരളം' ഉത്പ്പന്നങ്ങൾക്ക് 'ചെയിൻ ഓഫ് സൂപ്പർ മാർക്കറ്റ്' എന്ന ആശയം പ്രാവർത്തികമാക്കും. ഇ കൊമേഴ്സ് വിപണയിലും പ്രത്യേക ശ്രദ്ധ ചെലുത്തുമെന്നും ബഹു. മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.






പരിചയസമ്പന്നരായ വ്യവസായ വിദഗ്ധരും സംരംഭകരും ശിൽപശാല സെഷനുകൾ കൈകാര്യം ചെയ്തു. ഒപ്പം നേന്ത്രപ്പഴത്തിന്റെ പ്രസക്തി, മൂല്യവർദ്ധന, സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സാധ്യതകൾ, വിപണി അവലോകനം തുടങ്ങിയവയെക്കുറിച്ചുള്ള സാങ്കേതിക അവതരണങ്ങളും നേന്ത്രപ്പഴവുമായി ബന്ധപ്പെട്ട മൈക്രോ എന്റർപ്രൈസസിന്റെ ഉൽപ്പന്നങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും പ്രദർശനവും ശിൽപശാലയുടെ ഭാഗമായി ഉണ്ടായിരുന്നു.

നേന്ത്രപ്പഴ ഗവേഷണ കേന്ദ്രം മുൻ മേധാവി ഡോ. പുഷ്പലത പി.ബി, ഫുഡ് സേഫ്റ്റി സൊല്യൂഷൻ മാനേജിങ് ഡയറക്ടർ ഡോ. എൻ ആനന്ദവല്ലി, പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം മാനേജർ ശ്രീ.എം ഗിരീഷ്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി അഗ്രി ബിസിനസ് ഇൻക്യൂബേറ്റർ ട്രെയിനിങ് കോ ഓർഡിനേറ്റർ ശ്രീ. എസ്. അഭിഷേക്, ഡോ. കൃഷ്ണഭാസ്കർ മംഗലശ്ശേരി എന്നിവർ വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകി.

# ‘ഒരു ലക്ഷം സംരംഭങ്ങൾ’ പ്രൊമോഷണൽ വീഡിയോയുടെ ഉദ്ഘാടനം

## ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു

വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ‘ഒരു ലക്ഷം സംരംഭങ്ങൾ‘ എന്ന പരിപാടിയുടെ സോഷ്യൽ മീഡിയ ക്യാമ്പയിന്റെ ഭാഗമായ പ്രൊമോഷണൽ വീഡിയോയുടെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. 2022 - 23 സാമ്പത്തിക വർഷം ‘സംരംഭക വർഷ‘മായി ആചരിക്കുന്നതിനോടനുബന്ധിച്ച് വിപുലമായ കർമ്മ പരിപാടികളാണ് വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്.








‘ഒരു ലക്ഷം സംരംഭങ്ങൾ‘ എന്ന ആശയം പൊതുജനങ്ങളിലേക്കെത്തിക്കാൻ അഞ്ചു ഹ്രസ്വ വീഡിയോകളാണ് വ്യവസായ വാണിജ്യ വകുപ്പ് തയ്യാറാക്കി വരുന്നത്. ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കുന്ന ജനങ്ങളോടടുത്തു നിൽക്കുന്ന ആശയങ്ങളിലൂടെയാണ് മുന്നേറ്റം സാധ്യമാകുന്നത്. സംരംഭകർ സർക്കാർ സംവിധാനങ്ങളെ തേടിയല്ല, സർക്കാർ സംവിധാനങ്ങൾ സംരംഭകരെ തേടിയാണ് ചെല്ലേണ്ടത്. അതാണ് ഈ ക്യാമ്പയ്നിലൂടെ ഉദ്ദേശിക്കുന്നതും നടപ്പിലാക്കാൻ ശ്രമിക്കുന്നതുമെന്നും ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി പറഞ്ഞു.

വ്യവസായ, നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ് അധ്യക്ഷനായ ചടങ്ങിൽ വ്യവസായ, പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്; വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്; കെ.എസ്.ഐ.ഡി.സി മാനേജിങ് ഡയറക്ടർ ശ്രീ. എം. ജി. രാജമാണിക്കം ഐ.എ.എസ്; കയർ ഡെവലപ്മെന്റ് ഡയറക്ടർ ശ്രീ. വി. ആർ. വിനോദ് ഐ.എ.എസ്; കെ.എസ്.എഫ്.ഡി.സി മാനേജിങ് ഡയറക്ടർ ശ്രീമതി എൻ. മായ ഐ.എഫ്.എസ്; കെ.എസ്.എഫ്.ഡി.സി ചെയർമാൻ ശ്രീ. ഷാജി എൻ. കരുൺ; കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്; കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ ശ്രീ. കെ. എസ്. പ്രദീപ് കുമാർ; റിയാബ് ചെയർമാൻ ഡോ. ആർ. അശോക്; വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. കെ. സുധീർ; കെബിപ് സി.ഇ.ഒ ശ്രീ. സൂരജ് എസ്; ഖാദി ബോർഡ് സെക്രട്ടറി ഡോ. കെ.എ. രതീഷ് എന്നിവർ സന്നിഹിതരായിരുന്നു.



### ‘ആഹാർ 2022’ ന്റെ 36-ാമത് എഡിഷനിൽ

# ശ്രദ്ധ നേടി കേരള പവലിയൻ







2022 ഏപ്രിൽ 26 മുതൽ 30 വരെ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ സംഘടിപ്പിച്ച ആഹാർ 2022 എക്സിബിഷനിൽ ശ്രദ്ധ നേടി കേരള പവലിയൻ. കേരളത്തിൽ നിന്നുള്ള ഭക്ഷ്യ സംസ്കരണം & അനുബന്ധ മേഖലകളിലെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യകളും പ്രദർശിപ്പിക്കാൻ കേരളത്തിലെ വ്യവസായ, വാണിജ്യ മേഖലയെ പ്രതിനിധീകരിച്ച് 17 സംരംഭകരാണ് ആഹാർ 2022ൽ പങ്കെടുത്തത്. മേളയിലേക്ക് സംരംഭകരെ സൗജന്യമായി പങ്കെടുപ്പിച്ച ഏക സംസ്ഥാനം കേരളമാണ്.

ആഹാർ ഭക്ഷ്യാതിഥ്യ മേളയിലെ കേരളത്തിന്റെ പവലിയൻ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് സന്ദർശിച്ചിരുന്നു. നമ്മുടെ നാട്ടിലെ ഉൽപ്പന്നങ്ങൾക്ക് രാജ്യത്തിനകത്തും പുറത്തും സാധ്യതകളേറെയുള്ളപ്പോൾ സംരംഭകർക്ക് പൂർണ പിന്തുണയേകുന്നതാണ് വ്യവസായ വകുപ്പ് നൽകുന്ന ഇത്തരം അവസരങ്ങളെന്നും പുതിയ വിപണികൾ തേടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് പുതിയ വ്യാപാരബന്ധങ്ങൾ സ്ഥാപിക്കാൻ അവസരമൊരുക്കുന്നതിന് ഇന്ത്യൻ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷൻ (ITPO) സംഘടിപ്പിക്കുന്ന ആഹാർ മേള സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ബഹു. മന്ത്രി പറഞ്ഞു.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.